എ. എൽ. പി. സ്കൂൾ തിമിരി

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# ഉള്ളടക്കം

ആമുഖം

പൊതുലക്ഷ്യങ്ങൾ

കാഴ്ചപ്പാട്

ഗ്രേഡ് വിശകലനം.

മലയാള ഭാഷാപഠനം

ഇംഗ്ലീഷ് വിദ്യാഭ്യാസം.

ഗണിത മേഖല

വിദ്യാലയം നേരിടുന്ന വെല്ലുവിളികൾ

ക്ലബ്ബ് പ്രവർത്തനങ്ങൾ

# വിദ്യാലയം സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ഫോൺ നമ്പർ | : 04672261220<br>Mob 9446165645 |
| ജില്ല | കാസറഗോഡ് |
| വിദ്യാഭ്യാസജില്ല | കാഞ്ഞങ്ങാട് |
| ബ്ലോക്ക് | നീലേശ്വരം |
| ഉപജില്ല | ചെറുവത്തൂർ |
| പഞ്ചായത്ത് | കയ്യൂർ - ചീമേനി |
| വാർഡ് | XV |
| വർഷം | 2025-26 |
| ജില്ലർ | മുഴക്കോം . |

# ആമുഖം

കാസർഗോഡ് ജില്ലയിലെ കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിൽ ചെറുവത്തൂരിനു കിഴക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന സുന്ദരമായ ഒരു ഗ്രാമമാണ് തിമിരി. കൂടമത്ത് കുന്നിയൂർ കുടുംബത്തിലെ സംസ്കൃത പണ്ഡിതനും അധ്യാപകനുമായ ശ്രീ കെ.കെ നാരായണ കുറുപ്പായിരുന്ന സ്കൂളിന്റെ സ്ഥാപകൻ 1923 ൽ സ്ഥാപിതമായെങ്കിലും 1925 ലാണ് സ്കൂളിന് അംഗീകാരം ലഭിച്ചത്. ആദ്യ മാനേജർ കെ. കരുണാകരക്കുറുപ്പ് ആയിരുന്നു. 1951 മുതൽ ടി.എം ശങ്കരൻ ഭട്ടതിരി മാനേജരായി. 1977-മുതൽ ശ്രീമതി. കെ. കാർത്യായനിയമ്മ മാനേജരായി തുടരുന്നു. ഹെഡ്മാസ്റ്റർ ഉൾപ്പെടെ 3 അധ്യാപകരും ദിവസവേതനാടിസ്ഥാനത്തിലുള്ള ഒരു അധ്യാപികയുമാണ് ഇവിടെ ഉള്ളത്. ഇപ്പോൾ 23 കുട്ടികൾ മാത്രമേ ഇവിടെ പഠിക്കുന്നുള്ളു. കുട്ടികൾ കുറഞ്ഞു വരുന്നതാണ് ഇന്ന് സ്കൂൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. പി-കെ.ഇ.ആർ പ്രകാരമുള്ള ഒരു കെട്ടിടത്തിലായിരുന്നു 2022 വരെ സ്കൂൾ പ്രവർത്തിച്ചത്. 2022 സ്കൂളിനു വേണ്ടി മാനേജർ പുതുതായി ഒരു കെട്ടിടം നിർമ്മിച്ചു നൽകി. ~~1922~~ 2022 ൽ P.M പോഷൺ പദ്ധതിപ്രകാരം ഒരു കിച്ചൺ കം സ്റ്റോർ റൂം 600000/- രൂപ ചെലവിൽ സ്കൂളിന് അനുവദിച്ചു കിട്ടി. ഭൗതിക സാഹചര്യത്തിന്റെ കാര്യത്തിൽ വളരെ ഉയർന്ന നിലവാരത്തിലാണ് ഇപ്പോൾ

# പൊതുലക്ഷ്യങ്ങൾ

* മലയാളം ഇംഗ്ലീഷ് ഭാഷകൾ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് വളർത്തുക.
* ശാസ്ത്രാവബോധം വളർത്തി നിരീക്ഷണം നടത്താനും അന്വേഷിച്ച് കണ്ടെത്താനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിച്ചെടുക്കുക.
* ഗണിത ശേഷികൾ നേടാനും അതിനോടുള്ള ഭയം അകറ്റി താത്പര്യത്തോടെ പഠനം നടത്താനുമുള്ള മനോഭാവം സൃഷ്ടിക്കുക
* എല്ലാ കുട്ടികളെയും സ്വതന്ത്രലേഖനത്തിനും വായനയ്ക്കും പ്രാപ്തരാക്കുക.
* അത്യാവശ്യമായി കുട്ടികൾ അറിഞ്ഞിരിക്കേണ്ട പൊതു-വിജ്ഞാനം ചരിത്രം എന്നീ മേഖലകളിൽ അറിവു നേടുക.
* നല്ല ശീലങ്ങൾ വളർത്തി ഒരു നല്ല പൗരനായി വളരാനുള്ള അവസരങ്ങൾ ഉണ്ടാക്കുക.
* കായികശേഷിയും ആരോഗ്യവുമുള്ള കുട്ടികളായി വളരാനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുക.
* സ്കൂൾ പ്രവർത്തനങ്ങളിൽ സാമൂഹിക പങ്കാളിത്തം ഉറപ്പു വരുത്തുക.
* ഈ കഴിവുകൾ നേടുന്നതോടൊപ്പം ഭാവിയിൽ ഒരു ഉത്തമ പൗരനായി ഉത്തരവാദിത്തങ്ങൾ കണ്ടെത്ത് സമൂഹത്തിൽ നല്ല രീതിയിൽ ഇടപഴകാനും നേതൃഗുണമുണ്ടാകുവാനുമുള്ള പ്രവർത്തനങ്ങൾ നടത്തുക.

—

സ്കൂൾ ഉള്ളത്. വിദ്യാലയത്തിൽ UP വിഭാഗം ഇല്ലാത്തതും കുട്ടികളുടെ എണ്ണം കുറയാൻ ഒരു കാരണമാണ്.

കുട്ടികളുടെ എണ്ണത്തിൽ കുറവാണെങ്കിലും അക്കാദമിക-നിലവാരത്തിൽ സ്കൂൾ ഏറെ മുൻപന്തിയിൽ തന്നെയാണ്. കഴിഞ്ഞ 4 വർഷങ്ങളിലായി LSS പരീക്ഷ എഴുതിയ മുഴുവൻ-കുട്ടികൾക്കും LSS നേടാനായത് സ്കൂളിന്റെ മികച്ച നേട്ടം-തന്നെയാണ്. അക്കാദമിക മികവാണ് വിദ്യാലയ മികവ്-എന്നു പറയുമ്പോൾ ഞങ്ങളുടെ വിദ്യാലയം മറ്റ് വിദ്യാലയങ്ങളെപ്പോലെ ഒട്ടും പിറകിലല്ല എന്നുവേണം കരുതാൻ.

## അവസ്ഥാ വിശകലനം.

| ക്ലാസ്സ് | ആകെ | | | SC | | | ST | | OBC | | | General | | | APL | | | BPL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | ഗ | T | B | ഗ | T | B | ഗ | B | ഗ | T | B | ഗ | T | B | ഗ | T | B | ഗ | T |
| 1 | 3 | 5 | 8 | 0 | 1 | 1 | 0 | 0 | 2 | 4 | 6 | 1 | 0 | 1 | 1 | 2 | 3 | 2 | 3 | 5 |
| 2 | 4 | 2 | 6 | 0 | 0 | 0 | 0 | 0 | 4 | 2 | 6 | 0 | 0 | 0 | 1 | 1 | 2 | 3 | 1 | 4 |
| 3 | 3 | 5 | 8 | 1 | 0 | 1 | 0 | 0 | 2 | 5 | 7 | 0 | 0 | 0 | 2 | 2 | 4 | 1 | 3 | 4 |
| 4 | 3 | 0 | 3 | 1 | 0 | 1 | 0 | 0 | 2 | 0 | 2 | 0 | 0 | 0 | 1 | - | 1 | 2 | - | 2 |
| Total | 13 | 12 | 25 | 2 | 1 | 3 | 0 | 0 | 10 | 11 | 21 | 1 | 0 | 1 | 5 | 5 | 10 | 8 | 7 | 15 |

## അധ്യാപകരുടെ വിവരങ്ങൾ

പ്രധാനാധ്യാപിക - 1

LPST - 1+1

Daily wages - 1

# ഭാഷ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|
| എല്ലാ കുട്ടികളെയും സ്വതന്ത്രലേഖനത്തിനും വായനയ്ക്കും പ്രാപ്തരാക്കുക. | ആദ്യ മൂന്ന് മാസം ദിനങ്ങൾ – ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുക.<br>ഡയറിയെഴുത്ത് മെച്ചപ്പെടുത്തൽ<br>വായനാക്കാർഡുകൾ, മലയാളത്തിളക്കം പുസ്തകങ്ങൾ എന്നിവയുടെ സഹായത്തോടെയുള്ള പ്രവർത്തനങ്ങൾ.<br>ലൈബ്രറി പുസ്തകങ്ങൾ കുട്ടികളുടെ നിലവാരത്തിനനുസരിച്ച് വിതരണം ചെയ്യൽ.<br>വായനാക്കുറിപ്പ് തയ്യാറാക്കൽ.<br>ശില്പശാലകൾ നടത്തി പഠനോപകരണം നിർമ്മിച്ച് പഠനം രസകരമാക്കൽ.<br>ICT സാധ്യത പ്രയോജനപ്പെടുത്തൽ. | ഒരു വർഷം | ക്ലാസ്. അധ്യാപകർ |
| ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോക്കമാക്കുക. | പ്രീടെസ്റ്റ് നടത്തുക.<br>പ്രത്യേക പ്രവർത്തനങ്ങൾ. (മലയാളത്തിളക്കം, സാക്ഷരത ടെക്സ്റ്റുകൾ ഉപയോഗിച്ച്) പ്രത്യേക സമയം കണ്ടെത്തി നൽകുക.<br>ചിത്രകാർഡുകൾ, വായനകാർഡുകൾ എന്നിവ നൽകി വായനയെ പരിപോഷിപ്പിക്കുക.<br>പാഠഭാഗത്ത് വ്യവഹാരരൂപങ്ങൾ നിർമ്മിക്കാനുള്ള കഴിവ് വളർത്തിയെടുക്കാനുള്ള പ്രവർത്തനം.<br>റിവേഴ്സ് ഗെയിമുകൾ. | ജൂലൈ മുതൽ ഡിസംബർ വരെ. | |

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോക്കക്കാരാക്കിമാറ്റുക. | ഗണിതലാബ് വികസിപ്പിച്ച് ഗണിതോപകരണങ്ങൾ - നിർമ്മിച്ച് പഠനം രസകരമാക്കുക.<br>സംഖ്യാകാർഡുകൾ, മാച്ചിംഗ് കാർഡുകൾ, ടെൻഫ്രെയിം, എന്നിവ ഉപയോഗിച്ച് പ്രവർത്തനം ചെയ്യുന്ന<br>മെട്രിക് മേള.<br>അളവ് പാത്രങ്ങൾ, നാണയങ്ങൾ കലണ്ടറുകൾ എന്നിവ ഉപയോഗിച്ച് പ്രവർത്തനങ്ങൾ രസകരമാക്കുക.<br>മഞ്ചാടി സഞ്ചി, ഗണിതകിറ്റ് ഉല്ലാസഗണിതം കിറ്റ് എന്നിവ ഓരോ കുട്ടിക്കും ഉറപ്പുവരുത്തി പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺ മുതൽ | അധ്യാപകർ |
| ഗണിതക്ലബ് | ഗണിതത്തോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കാൻ രക്ഷിതാക്കളുടെ സഹായത്തോടെ പ്രത്യേക ക്ലാസ് സംഘടിപ്പിക്കുന്നു. | ~~BRC~~<br>സപ്തംബർ | BRC<br>PTA<br>അധ്യാപകർ. |
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പുവരുത്തുന്നു. | ഓരോ കുട്ടിക്കും ഓരോ - ഗണിതപ്പെട്ടി ഉറപ്പുവരുത്തുന്നു.<br>CPTA യിൽ രക്ഷിതാക്കളെ അറിയിക്കുന്നു.<br>ഗണിത ശില്പശാലകൾ നടത്തുന്നു.<br>Worksheet ഉകൾ തയ്യാറാക്കുന്നു. | | |

## English

| ശേഷി ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| മുഴുവൻ കുട്ടികൾക്കും - മാതൃഭാഷയോടൊപ്പം - ഇംഗ്ലീഷും ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും കഴിയുക. | പ്രീ-ടെസ്റ്റ് നടത്തി കഴിവും പരിമിതികളും കണ്ടെത്തുന്നു.<br>ചിത്ര വായന പ്രോത്സാഹിപ്പിക്കുന്നു.<br>ഇംഗ്ലീഷ് അസംബ്ലി ആഴ്ചയിൽ ഒരു ദിവസം നടത്തുന്നു.<br>കുട്ടികൾ ഡയറി എഴുതുന്നു. വായിക്കുന്നു.<br>ചെറിയ ലൈബ്രറി പുസ്തകങ്ങൾ നൽകുന്നു.<br>Spoken English ക്ലാസ്സുകൾ - veccation സമയത്ത് നടത്തുന്നു.<br>ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ<br><br>മാർച്ച്. | അധ്യാപകർ. |

## ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വർദ്ധിപ്പിക്കൽ | പരീക്ഷണക്കളരി സംഘടിപ്പിക്കൽ<br>ശാസ്ത്രവിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തുന്നു.<br>പ്രകൃതി നിരീക്ഷണം നടത്തുന്നു.<br>പതിപ്പുകൾ നിർമ്മിക്കുന്നു. | ഒരു വർഷം | അധ്യാപകർ |

# വിദ്യാലയം ഒരു ടാലന്റ് ലാബ് 2025-26.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും കഴിവുകൾ കണ്ടെത്തൽ | സംഗീതം<br>കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു. | സെപ്റ്റംബർ മാർച്ച് | അധ്യാപകർ [illegible] |
| കായികം:- | മുഴുവൻ കുട്ടികൾക്കും കായിക ശേഷി വളർത്തുന്നതിനുള്ള പരിശീലനം നൽകുന്നു | " | " |
| ചിത്രകല | കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു. | " | " |
| വാർഷികം | കലാരംഗത്ത് പ്രാവീണ്യമുള്ള രക്ഷിതാക്കളുടെ സഹായത്തോടെ സ്കൂളിൽ വാർഷികാഘോഷം സംഘടിപ്പിക്കുന്നു. | മാർച്ച് | പി.ടി.എ |
| ശാസ്ത്രമേള<br>ഗണിതശാസ്ത്രമേള<br>work experience. | വിവിധ മേഖലകളിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളുടെയും എസ്.എസ്.ജി അംഗങ്ങളുടെയും സഹായത്തോടെ കുട്ടികളെ മേളകളിൽ പങ്കെടുപ്പിക്കുന്നു | നവംബർ ഡിസംബർ | PTA<br>SSG<br>അധ്യാപകർ. |